പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 395 — 2/12/2014-ൽ മറുപടിക്ക്

# കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി ഉപയോഗം.

**ചോദ്യം**

ശ്രീ. എം.ഹംസ

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്ക് ഫാക്ടറികൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്? ലോ ടെൻഷൻ, ഹൈടെൻഷൻ,ഗാർഹികം എന്നിവ തരം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഓരോ കമ്പനികളും ഓരോ മാസവും ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് പ്രത്യേകം പറയാമോ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികൾ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) കുടിശ്ശിക നാളിതുവരെ തിരിച്ചു പിടിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; തിരിച്ചു പിടിച്ചില്ലെങ്കിൽ എന്തുകൊണ്ട്; എത്ര കുടിശ്ശിക പിരിയ്ക്കാനുണ്ട്; വിശദാംശം നൽകാമോ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി

(എ) യും (ബി) യും (സി)യും.

എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽ - 120
ലോ ടെൻഷൻ വിഭാഗത്തിൽ - 363
വ്യവസായ മേഖലയിൽ ഗാർഹിക വിഭാഗം ഇല്ല.

എച്ച്.റ്റി/ഇ.എച്ച്.റ്റി വ്യവസായങ്ങളുടെ ഉപഭോഗവും കുടിശ്ശികയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

ലോ ടെൻഷൻ വിഭാഗം വ്യവസായ സ്ഥാപനങ്ങളുടെ ഉപഭോഗം (ഒക്ടോബർ 2014) അനുബന്ധം (2) ആയി ചേർക്കുന്നു.

ലോ ടെൻഷൻ വ്യവസായ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വിവരങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു.

(ഡി) കോടതി വ്യവഹാരത്തിൽപ്പെട്ട തുക കോടതിയുടെ തീർപ്പിനു വിധേയമായി മാത്രമേ വസൂലാക്കാൻ കഴിയൂ. മറ്റു കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ നടന്നു വരുന്നു. റവന്യൂ അധികാരികളുടെ തീർപ്പിനു വിധേയമായി കുടിശ്ശിക തുക പിരിച്ചെടുക്കുന്നുണ്ട്. എച്ച്.റ്റി/ ഇ.എച്ച്.റ്റി വിഭാഗത്തിൽ 98.3 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുണ്ട്. ടി തുകയിൽ 76.61 കോടി ഡിസ്പ്യൂട്ടിൽ ചെയ്യപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്കു വിധേയമായ കുടിശ്ശിക

[...2)

ളുകയാണ്.

എൽ.റ്റി വിഭാഗത്തിൽ കുടിശ്ശിക നാളിതുവരെ തിരിച്ചു പിടിച്ചത് 25,78,871/- രൂപയാണ്. കുടിശ്ശിക തിരിച്ചു പിടിക്കുവാനായി 14 സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. 2 കേസുകൾ കോടതിയുടെ പരിഗണനയിലാണ്. ഒരെണ്ണം സർവ്വീസ് വിച്ഛേദിച്ചിരിക്കുകയാണ്. ഇതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. ഇനി ലോ ടെൻഷൻ വ്യവസായിക വിഭാഗത്തിൽ കുടിശ്ശിക പിരിക്കുവാനുള്ളത് 33,39,621/- രൂപയാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം (4) ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**